"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കത്തിയത്തോട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു റ്റി വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1320/2023 നമ്പർ കേസിന്മേലുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2077/2023/LSGD തീയതി,തിരുവനന്തപുരം, 24-10-2023

പരാമർശം:-

1 25.02.2017ലെ സ ഉ (പി)3/2017/ഉഭപവ നമ്പർ ഉത്തരവ്

2 22.03.2023ലെ സ ഉ (കൈ)നം.79/2023/എൽ എസ് ജി ഡി നമ്പർ ഉത്തരവ്

3 തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 ലെ LSGD/PD/1224/2023/DED1-part(1) നമ്പർ ഉത്തരവ്

4. ശ്രീമതി.ബിന്ദു ടി വി സമർപ്പിച്ച 14.07.2023ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ8)

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 1320/2023 നമ്പർ കേസിലെ 19.07.2023ലെ ഉത്തരവ്

6. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.08.2023ലെ LSGD/PD/51644/2023-DEC1 നമ്പർ കത്ത്

7 05.09.2023ൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ 8ാം നമ്പർ തീരുമാനം

ഉത്തരവ്

കത്തിയത്തോട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു റ്റി വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ 1320/2023 നമ്പർ കേസിലെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിൽ, ടി ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ഹർജികക്ഷിയുടെ പരാമർശം (4) പ്രകാരമുള്ള അപ്പീൽ അപേക്ഷ പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2. കത്തിയത്തോട് ഗ്രാമപഞ്ചായത്തിൽ 27.01.2020 മുതൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്ത് വരുന്ന അപേക്ഷക, പൊതുസ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും പരാമർശം 3 പ്രകാരം ടിയാളെ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ നിയമിച്ചിരിക്കുകയാണെന്നും ടിയാൾ ഭിന്നശേഷിക്കാരിയും അർബുദ രോഗിയും ആണെന്നും കിടപ്പ് രോഗിയായ പിതാവിനെ പരിചരിക്കേണ്ടതുണ്ടെന്നും പരാമർശം (1) ഉത്തരവിലെ മാനദണ്ഡപ്രകാരം ഒരു ഓഫീസിൽ 5 വർഷം ജോലിചെയ്യാമെന്നിരിക്കെയാണ് ടിയാളെ സ്ഥലം മാറ്റിയതെന്നും ആയതിനാൽ നിലവിലെ ഓഫീസിലോ ചേർത്തല താലൂക്ക് പരിധിയിലോ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് പരാമർശം (3) പ്രകാരമുള്ള അപേക്ഷയിലെ ആവശ്യം.

3. lsgdgeneraltransfer.lsgkerala.gov.in/ എന്ന സോഫ്റ്റ് വെയറിൽ ലഭ്യമായ ഇൻകമ്പൻസി വിവരങ്ങൾ പ്രകാരം 27/01/2020 മുതൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷക ജോലിചെയ്തുവരുന്നു എന്നും, ഇൻകമ്പൻസിയിൽ Differently abled person with disability 40% എന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നും അപേക്ഷക സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിരുന്നില്ല എന്നും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അംഗീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു എന്നും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നും സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ പരാമർശിക്കുന്ന അനുകമ്പാർഹമായ കാരണങ്ങളാലും പ്രത്യേക മുൻഗണന പ്രകാരവും സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് സോഫ്റ്റ് വെയറിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു എന്നും പ്രസ്തുത ഉത്തരവിൽ 60% നുമേൽ ഭിന്നശേഷി ഉള്ള ജീവനക്കാർക്ക് 5 വർഷത്തേക്ക് പൊതു സ്ഥലംമാറ്റത്തിൽ നിന്ന് സംരക്ഷണം നൽകിയിരുന്നു എന്നും നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് ഏതെങ്കിലും ജീവനക്കാർ അവകാശപ്പെടുന്ന പക്ഷം ആയത് എല്ലാ വർഷവും ബന്ധപ്പെട്ട രേഖകളടക്കം പ്രത്യേക അപേക്ഷയായി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നതും സോഫ്റ്റ് വെയറിൽ (EXCLUDED FROM TRANSFER) സൗകര്യം ഏർപ്പെടുത്തിയിരുന്നതുമാണ് എന്നും അപേക്ഷക മേൽ സൗകര്യങ്ങളൊന്നും പ്രയോജനപ്പെടുത്തിയിട്ടില്ല എന്നും പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപേക്ഷകയ്ക്ക് 40ശതമാനം ഭിന്നശേഷിയായതിനാൽ സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല എന്നും സ്ഥലമാറ്റ അപേക്ഷയിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി മാർക്ക് അനുവദിച്ചിരുന്നു എന്നും ഡിസബിലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിച്ച ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് 10/11/2021 ലേതാണ് എന്നും കരട് ലിസ്റ്റിലാണ് ആലപ്പുഴ മുനിസിപ്പാലിറ്റിയിലേക്ക് അലോട്ട് ചെയ്തിട്ടുള്ളത് എന്നും കരട് ലിസ്റ്റിലെ ആക്ഷേപം പരിഹരിച്ചതിനു ശേഷമാണ് അന്തിമ സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നും അന്തിമ സ്ഥലംമാറ്റ പട്ടിക പ്രകാരമാണ് ചെറിയനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത് എന്നും ആലപ്പുഴ ജില്ലയ്ക്കുള്ളിലെ ക്യൂ ലിസ്റ്റിൽ 215-ാമതായി ഉൾപ്പെട്ടുവന്നിട്ടുണ്ട് എന്നും അപേക്ഷകയ്ക്ക് നിലവിലെ ഓഫീസിൽ 3 വർഷവും 2 മാസവും 8 ദിവസവുമായി ആകെ 1164 ദിവസത്തെ സീനിയോറിറ്റിയും, 3 വർഷവും 6 മാസവും 29 ദിവസവുമായി ആകെ 1307 ദിവസത്തെ ഇൻസ്റ്റേഷൻ സീനിയോറിറ്റിയുമുണ്ട് എന്നും സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയായതിനാൽ നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയമാണ് എന്നും പരാമർശം 6 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു റ്റി വി , പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി യഥാവിധി സമർപ്പിച്ചിട്ടില്ലായെങ്കിലും ഭിന്നശേഷിക്കാരിയായതിനാലും അർബുദ രോഗത്തിന് ചികിത്സയിലാണെന്ന മാനുഷിക പരിഗണന വച്ചും ടിയാളെ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ നിലനിറുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് പരാമർശം(7) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്പീൽ കമ്മിറ്റിയുടെ പരാമർശം 7 പ്രകാരമുള്ള ശുപാർശ പരിഗണിച്ച് ഭിന്നശേഷിക്കാരിയും അർബുദ രോഗത്തിന് ചികിത്സയിലുമായ കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു റ്റി വി -യ്ക്ക് മാനുഷിക പരിഗണന നൽകി ടിയാളെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

7. മേൽപ്രകാരം പരാമർശം 5 പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ 1320/2023 നമ്പർ കേസിലെ 19.07.2023ലെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.2077/2023/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1.അഡ്വക്കേറ്റ് ജനറൽ ,കേരള ,തിരുവനന്തപുരം(ആമുഖകത്ത് സഹിതം )
2.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
4. ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , ആലപ്പുഴ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.സെക്രട്ടറി, കുത്തിയതോട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ശ്രീമതി.ബിന്ദു ടി വി , സീനിയർ ക്ലർക്ക് , കുത്തിയതോട് ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.181/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-10-2023 10:53:06